എം. എ. സി. ടി. കേസ്സുകളും ബസ് ജപ്തിയും

109 [2246] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സഭയും മറുപടി നൽകുമോ:

(എ) എം. എ. സി. ടി. കേസ്സുകളിൽ പിഴ ശിക്ഷ അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം കെ. എസ്. ആർ. ടി. സി. യുടെ എത്ര ബസ്സുകളാണ് തമിഴ്നാടും കർണ്ണാടകവും ജപ്തി ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഈയിനത്തിൽ എന്തു തുകയാണ് ആകെ പിഴയായി അടയ്ക്കുവാനുള്ളത്;

(ബി) കെ. എസ്. ആർ. ടി. സി. ബസ്സുകൾക്ക് തേർഡ് പാർട്ടി ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ അപകടങ്ങളുമായി ബന്ധപ്പെട്ട കേസ്സുകളിൽ എത്ര കെ. എസ്. ആർ. ടി. സി. ബസ്സുകളാണ് സംസ്ഥാനത്ത് ജപ്തി ചെയ്തിട്ടുള്ളത്;

(ഡി) വിവിധ കേസ്സുകളുമായി ബന്ധപ്പെട്ട എത്ര ലക്ഷം രൂപയാണ് എം. എ. സി. ടി. വിധി പ്രകാരം കൊടുത്തു തീർക്കുവാനുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഇ) എം. എ. സി. ടി. പ്രകാരം വിധിയായ കേസ്സുകളിൽ നഷ്ട പരിഹാരത്തുക നൽകുന്നതിന് കെ. എസ്. ആർ. ടി. സി. എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തമിഴ്നാട്ടിൽ ഒരു ബസ് ജപ്തി ചെയ്തിരുന്നു. 16,73,570 രൂപ അയച്ച് ബസ് റിലീസ് ചെയ്തിട്ടുണ്ട്.

(ബി) രണ്ടു വോൾവോ ബസ്സുകൾ ഒഴികെ മറ്റു ബസ്സുകൾക്ക ഇൻഷ്വറൻസ് പദ്ധതി നിലവിലില്ല.

(സി) 32 ബസ്സുകൾ ജപ്തി ചെയ്തിരുന്നു. എന്നാൽ നിലവിൽ 3 ബസ്സുകൾ മാത്രമേ കോടതിയിലുള്ളു.

(ഡി) 19.98 കോടി രൂപയും അതിന്മേലുള്ള പലിശയും നൽകാനുണ്ട്.

(ഇ) പലിശയില്ലാതെ വിധി തുക മാത്രം സ്വീകരിക്കാൻ താൽപര്യമുള്ളവർക്ക് 60 ദിവസത്തിനകവും മറ്റുള്ളവർക്ക് സിനിയോറിറ്റി പ്രകാരം ഫണ്ടിന്റെ ലഭ്യത അനുസരിച്ചു കഴിയുന്നതും വേഗം കൊടുത്തു തീർക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ബസ് ബോഡി നിർമ്മാണത്തിലെ സാമ്പത്തിക നഷ്ടം

110 [2247] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സഭയും മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ബസ്സ് ബോഡി നിർമ്മിക്കുവാൻ സ്വന്തമായി ശേഷിയും സൗകര്യങ്ങളും ഉണ്ടായിരുന്നിട്ടും അത് പ്രയോജനപ്പെടുത്താതെ ബാഹ്യ കേന്ദ്രങ്ങളെ ചുമതലപ്പെടുത്തിയതുവഴി 2002-03 വർഷങ്ങളിൽ നഷ്ടം സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തുടർന്നുള്ള വർഷങ്ങളിൽ നാളിതുവരെ ഇക്കാരണത്താൽ എത്രമാത്രം നഷ്ടമുണ്ടായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) 2002–03 വർഷത്തിൽ ഇപ്രകാരമുണ്ടായ നഷ്ടത്തെ കുറിച്ച് സി. എ. ജി. അഭിപ്രായപ്പെട്ടതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) സി. എ. ജി. യുടെ പരാമർശത്തിന് കെ. എസ്. ആർ. ടി. സി.-യോ സർക്കാരോ ഇതുവരെ മറുപടി നൽകാതിരിക്കാൻ കാരണം എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നഷ്ടം സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറലിന്റെ കെ. എസ്. ആർ. ടി. സി. യെ സംബന്ധിച്ചുള്ള ഡ്രാഫ്റ്റ് പാരഗ്രാഫിൽ കോർപ്പറേഷന്റെ വർക്ക് ഷോപ്പുകളിൽ ബോഡി ചെയ്യാതെ പൂർണ്ണമായും ബോഡി ചെയ്ത 40 മിനി ബസ്സുകളും വാങ്ങിയതുവഴി കോർപ്പറേഷന് 56 ലക്ഷം രൂപയ്ക്ക് തുല്യമായ തൊഴിൽ മൂല്യം നഷ്ടപ്പെട്ടു എന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ യാതൊരുവിധ തൊഴിൽ ദിനങ്ങളും നഷ്ടപ്പെടുത്തിയിട്ടില്ല എന്നു മാത്രമല്ല പൂർണ്ണമായി ഉപയോഗപ്പെടുത്തിയിട്ടുമുണ്ട്.

(ബി) കോർപ്പറേഷന്റെ വർക്ക്ഷോപ്പുകളിൽ ലഭ്യമായ തൊഴിൽ സൗകര്യങ്ങളും തൊഴിലാളികളുടെ സേവനവും പാഴാക്കാതെ വർക്ക്ഷോപ്പുകളിൽ ഡോക്ക് ചെയ്തിരുന്ന ബസ്സുകളുടെ മറ്റ് അറ്റകുറ്റപ്പണികൾക്ക് വിനിയോഗിച്ചിട്ടുണ്ട്. ഇക്കാരണത്താൽ നഷ്ടം ഒന്നുംതന്നെ ഉണ്ടായിട്ടില്ല.

(സി) കോർപ്പറേഷന്റെ വർക്ക്ഷോപ്പുകളിൽ എല്ലാ സൗകര്യങ്ങളും ഉണ്ടായിരുന്നിട്ടും ബോഡി ചെയ്യാതെ പൂർണ്ണമായും ബോഡി ചെയ്ത 40 മിനി ബസ്സുകളും വാങ്ങിയതുവഴി കോർപ്പറേഷന് 56 ലക്ഷം രൂപയ്ക്ക് തുല്യമായ തൊഴിൽ മൂല്യം നഷ്ടപ്പെട്ടു എന്നാണ് പറഞ്ഞിരിക്കുന്നത്.

(ഡി) സി. എ. ജി. യുടെ പരാമർശത്തിൻമേൽ സർക്കാർ വിശദമായ മറുപടി അക്കൗണ്ടന്റ് ജനറലിന് നൽകിയിട്ടുണ്ട്. ജനപ്രതിനിധികളുടെയും പൊതുജനങ്ങളുടെയും പ്രത്യേക താൽപ്പര്യമനുസരിച്ചാണ് കെ. എസ്. ആർ. ടി. സി. യുടെ വലിയ വാഹനങ്ങളും ഓടാൻ പറ്റാത്ത സ്ഥലങ്ങളിൽ ഓടിക്കുന്നതിന് വേണ്ടി മിനി ബസ്സുകളും വാങ്ങിയിട്ടുള്ളത്. മിനി ബസ്സുകളും വാങ്ങിയ ഈ കാലയളവിൽ വർക്ക്ഷോപ്പുകളിൽ മെക്കാനിക്കൽ തൊഴിലാളികളുടെ വലിയ കുറവ് ഉണ്ടായിരുന്നു. യാത്രാസൗകര്യം കൂടുതൽ മേഖലകളിൽ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി വാങ്ങിയ മിനി ബസ്സുകളും ബോഡി ചെയ്ത് ഇറക്കുന്നതിന് ആവശ്യമായ തൊഴിലാളികളും ഉണ്ടായിരുന്നില്ല എന്നും മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

കാട്ടാക്കടയിൽ കെ. എസ്. ആർ. ടി. സി. നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന വ്യാപാര സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

111 [2248] ശ്രീ. ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കാട്ടാക്കടയിൽ കെ. എസ്. ആർ. ടി. സി. നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന വ്യാപാര സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കുമെന്ന് അറിയിക്കുമോ;

(ബി) സ്ഥല സൗകര്യമുള്ളതുകൊണ്ട് വ്യാപാര സമുച്ചയത്തിനോടൊപ്പം ഒരു ഓഫീസ് സമുച്ചയം കൂടി നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly